(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ ലാബ് പരിശോധനകൾക്ക് സൗകര്യമില്ലാത്തതിനാൽ പുറത്തുള്ള സ്ഥാപനങ്ങളെ സമീപിക്കുന്ന രോഗികളായ തൊഴിലാളികൾക്ക് ലാബ് ടെസ്റ്റുകളുടെ മുഴുവൻ തുകയും നൽകാതിരിക്കുന്നത് ഇൻഷുറൻസ് നിയമത്തിന് വിരുദ്ധമല്ലേ; ഇത് അടിയന്തരമായി പരിഹരിക്കുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽനിന്നും ഒട്ടുമിക്ക മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. പുറത്തുനിന്നും വാങ്ങുന്ന മരുന്നുകൾക്ക് സി.ജി.എച്ച്.എസ് നിരക്ക് പ്രകാരം അനുവദനീയമായ തുക നൽകുന്നുണ്ട്. രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും ആശുപത്രി വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) എല്ലാ ചികിത്സകളുടെയും മരുന്നുകളുടെയും ലാബ് ടെസ്റ്റുകളുടെയും സി.ജി.എച്ച്.എസ്. നിരക്ക് പ്രകാരം അനുവദനീയമായ തുക മാത്രമേ നൽകാൻ കഴിയുകയുള്ളൂ.

ചേർത്തല ഇ.എസ്.ഐ. ആശുപത്രി

268 (976) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയുടെ സൗകര്യക്കുറവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; എത്ര കാലമായി ഇതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ട് എന്നു പറയുമോ; പുതിയ സൗകര്യപ്രദമായ വാടക കെട്ടിടം ചേർത്തല ടൗണിൽ ലഭിക്കുന്നതിനുള്ള അന്വേഷണം ഏതു വരെയായി എന്നു പറയുമോ ;

(ബി) ചേർത്തല ടൗണിന് അധികം ദൂരെയല്ലാത്ത വിധം സ്വന്തമായി സ്ഥലം വാങ്ങി സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുവാൻ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ ; ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സൗകര്യക്കുറവുകൾ പരിഹരിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങളുള്ള ഒരു കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടൻ തന്നെ പുതിയ കെട്ടിടത്തിലേക്ക് മാറുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതും മറ്റും ഇ.എസ്.ഐ. കോർപ്പറേഷന്റെ അധികാര പരിധിയിലുള്ള കാര്യങ്ങളാണ്. ഈ വിഷയം ഇഎസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

269 (977) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്ന് മുതലാണ് ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി ; വിശദമാക്കുമോ ;

(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly